"ഭരണഭാഷാ - മാതൃഭാഷ"

# വ്യാവസായിക പരിശീലന വകുപ്പ്

(കേരള സംസ്ഥാനം)

നമ്പർ: ജി2/26358/16

ചാക്ക, തിരുവനന്തപുരം
തീയതി: 16/12/2016

## ചുറ്ററിയിപ്പ്

വിഷയം: വ്യാവസായിക പരിശീലന വകുപ്പ് 2016 ജൂലൈ മാസത്തിൽ നടത്തിയ അഖിലേന്ത്യാ സെമസ്റ്റർ പരീക്ഷകളിൽ പങ്കെടുത്ത് വിജയിച്ച ട്രെയിനികളിൽ നിന്ന് 15 വിവിധ ട്രേഡുകളിൽ സംസ്ഥാനതല സ്കിൽ പരീക്ഷയിൽ പങ്കെടുക്കുന്നതിന് ട്രെയിനികളെ തിരഞ്ഞെടുക്കുന്നത് സംബന്ധിച്ച് -

ട്രേഡ് ടെസ്റ്റുകളിൽ വിജയിച്ച ട്രെയിനികളിൽ നിന്ന് ഡി.ജി.റ്റി നിശ്ചയിച്ചിട്ടുള്ള 15 ട്രേഡുകളിൽ ഓരോ സ്ഥാപനത്തിൽ നിന്നും ഏറ്റവും കൂടുതൽ മാർക്കുകൾ ലഭിച്ച ട്രെയിനികളെ പങ്കെടുപ്പിച്ചു കൊണ്ട് സംസ്ഥാനതലത്തിൽ സ്കിൽ പരീക്ഷ നടത്താറുണ്ട്. ഓരോ സ്ഥാപനത്തിൽ നിന്നും ടി 15 ട്രേഡുകളിൽ ഏറ്റവും കൂടുതൽ മാർക്ക് നേടി വിജയിച്ച ട്രെയിനികളെ ഡയറക്ടറേറ്റിൽ നിന്ന് തന്നെ കണ്ടെത്തി ബന്ധപ്പെട്ട സ്ഥാപനങ്ങളെ അറിയിക്കുകയാണ് മുൻ കാലങ്ങളിൽ ചെയ്ത് വന്നിരുന്നത്. എന്നാൽ ട്രെയിനികളുടെ പരീക്ഷ ഡി.ജി.റ്റി. നേരിട്ട് എം.ഐ.എസ്. പോർട്ടൽ മുഖേനയാണ് ഇപ്പോൾ നടത്തി വരുന്നത്. ടി പോർട്ടലിൽ നിന്ന് ഓരോ സ്ഥാപനത്തിലും ഏറ്റവും കൂടുതൽ മാർക്ക് നേടി വിജയിച്ച ട്രെയിനികളുടെ വിവരം ഡയറക്ടറേറ്റ് തലത്തിൽ ലഭിക്കാത്ത സാഹചര്യമാണ് നിലവിലുള്ളത്. ആയതിനാൽ ഏറ്റവും കൂടുതൽ മാർക്ക് നേടിയ ട്രെയിനികളുടെ വിവരം ബന്ധപ്പെട്ട സ്ഥാപനങ്ങൾ തന്നെ കണ്ടെത്തി ഡയറക്ടറേറ്റിൽ അറിയിക്കേണ്ടതാണ്. ഏറ്റവും കൂടുതൽ മാർക്ക് നേടിയ ട്രെയിനികളെ കണ്ടെത്തുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു.

- ഫിറ്റർ (Fitter), ടർണർ (Turner), മെഷിനിസ്റ്റ് (Machinist), ഇലക്ട്രീഷ്യൻ (Electrician), മെക്കാനിക്ക് മോട്ടോർ വെഹിക്കിൾ (Mechanic Motor Vehicle), ഇൻസ്ട്രമെൻറ് മെക്കാനിക്ക് (Instument Mechanic), വയർമാൻ (Wireman), റെഫ്രിജറേഷൻ ആൻറ് എയർ കണ്ടീഷനിംഗ് മെക്കാനിക്ക് (Refrigeration and Airconditioning Mechanic), പ്ലംബർ (Plumber), മെക്കാനിക്ക് ഡീസൽ (Mechanic Diesel), കോപ്പ (Computer Programming And Programming

Assistant), കട്ടിംഗ് ആൻറ് സ്യൂയിംഗ് (Cutting and Sewing), ഫൗണ്ടറിമാൻ (Foundryman), ഷീറ്റ് മെറ്റൽ വർക്കർ (Sheet Metal Worker), വെൽഡർ (Welder) എന്നീ 15 ട്രേഡുകളിലാണ് സംസ്ഥാനതല സ്കിൽ പരീക്ഷ നടത്തുന്നത്.

- മുകളിൽ സൂചിപ്പിച്ചിട്ടുള്ള 15 ട്രേഡുകളിൽ പരിശീലനം നൽകുന്ന ഐ.ടി.ഐ. കളിൽ ഏറ്റവും കൂടുതൽ മാർക്ക് നേടി വിജയിച്ച ട്രെയിനിയുടെ വിവരമാണ് അറിയിക്കേണ്ടത്.
- ഏറ്റവും കൂടുതൽ മാർക്ക് നേടിയ ട്രെയിനിയെ കണ്ടെത്തുന്നതിന് ഡി.ജി.റ്റി. നിഷ്കർഷിച്ചിട്ടുള്ള നിബന്ധനകൾ താഴെ പറയുന്നു.
  - ➢ ഒരു വർഷ ട്രേഡ് ആണെങ്കിൽ ഒന്നും രണ്ടും സെമസ്റ്ററുകൾ ആദ്യ അവസരത്തിൽ തന്നെ ഗ്രേസ് മാർക്ക് നേടാതെ വിജയിച്ചിരിക്കണം.
  - ➢ രണ്ട് വർഷ ട്രേഡ് ആണെങ്കിൽ ഒന്നും രണ്ടും മൂന്നും നാലും സെമസ്റ്ററുകൾ ആദ്യ അവസരത്തിൽ തന്നെ ഗ്രേസ് മാർക്ക് നേടാതെ വിജയിച്ചിരിക്കണം.
  - ➢ എംപ്ലോയബിലിറ്റി വിഷയത്തിന് ലഭിച്ച മാർക്ക് ഒഴിവാക്കി ഏറ്റവും കൂടുതൽ മാർക്ക് നേടിയ ട്രെയിനിയെ വേണം തിരഞ്ഞെടുക്കേണ്ടത്.
  - ➢ മുകളിൽ സൂചിപ്പിച്ച നിബന്ധനകൾ പ്രകാരം ഒന്നിൽ കൂടുതൽ ട്രെയിനികൾക്ക് തുല്യ മാർക്ക് നേടുന്ന സാഹചര്യം ഉണ്ടായാൽ ടി ട്രെയിനികളിൽ ട്രേഡ് പ്രാക്ടിക്കലിന് ഏറ്റവും കൂടുതൽ മാർക്ക് നേടിയ ട്രെയിനിയെ വേണം തിരഞ്ഞേടുക്കേണ്ടത്.
  - ➢ മുകളിൽ സൂചിപ്പിച്ച പ്രകാരം ട്രേഡ് പ്രാക്ടിക്കൽ വിഷയത്തിനും ഒന്നിൽ കൂടുതൽ ട്രെയിനികൾക്ക് തുല്യ മാർക്ക് നേടുന്ന സാഹചര്യം ഉണ്ടായാൽ ടി ട്രെയിനികളെ തിരഞ്ഞെടുക്കാവുന്നതാണ്.
- മുകളിൽ സൂചിപ്പിച്ചിട്ടുള്ള നിബന്ധനകൾ അനുസരിച്ച് വേണം ഏറ്റവും കൂടുതൽ മാർക്കുകൾ നേടിയ ട്രെയിനികളെ ഓരോ സ്ഥാപന മേധാവിയും കണ്ടെത്തി അറിയിക്കേണ്ടത്.
- നിബന്ധനകൾക്ക് വിധേയമായി ഏറ്റവും മാർക്ക് നേടിയ മുകളിൽ പറഞ്ഞിട്ടുള്ള പതിനഞ്ച് ട്രേഡുകളിലും ഉള്ള ട്രെയിനികളുടെ വിവരം താഴെ സൂചിപ്പിച്ചിട്ടുള്ള ഫോർമാറ്റ് (എ) പ്രകാരം തയ്യാറാക്കി ഓരോ ട്രെയിനിയുടെയും ഒരു വർഷ ട്രേഡാണെങ്കിൽ ഒന്നും രണ്ടും സെമസ്റ്ററിലെ മാർക്ക് ഷീറ്റുകളും കൺസോലിഡേറ്റഡ് മാർക്ക് ഷീറ്റും രണ്ട് വർഷ ട്രേഡാണെങ്കിൽ ഒന്നും രണ്ടും മൂന്നും നാലും സെമസ്റ്ററുകളിലെ മാർക്ക് ഷീറ്റും കൺസോലിഡേറ്റഡ് മാർക്ക്

ഷീറ്റും ഉൾപ്പടെ സ്ഥാപനത്തിൻെറ ആമുഖ കത്തോടുകൂടി ബന്ധപ്പെട്ട നോഡൽ ഐ.ടി.ഐ. പ്രിൻസിപ്പാൾ മുൻപാകെ <u>**23/12/2016 ന് മുൻപ്**</u> നൽകേണ്ടതാണ്. ഡി.ജി.റ്റി. നിഷ്കർഷിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശപ്രകാരം ഏതെങ്കിലും ട്രേഡിൽ ഒരു ട്രെയിനിയും യോഗ്യത നേടിയിട്ടില്ലായെങ്കിൽ ഫോർമാറ്റ് (എ) യിൽ ടി ട്രേഡിന് നേർക്ക് No Trainee Qualified എന്ന് നിർബന്ധമായും രേഖപ്പെടുത്തുന്നതിന് എല്ലാ സ്ഥാപന മേധാവികളും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

- പ്രിൻസിപ്പാൾമാർ സമർപ്പിക്കുന്ന ഫോർമാറ്റിൽ സൂചിപ്പിക്കുന്ന ട്രെയിനികളുടെ എല്ലാ സെമസ്റ്ററിലും നേടിയ മാർക്ക് വിവരം (ബന്ധപ്പെട്ട സെമസ്റ്റർ മാർക്ക് ഷീറ്റുകളും കൺസോലിഡേറ്റഡ് മാർക്ക് ഷീറ്റുകളും പ്രകാരം) ബന്ധപ്പെട്ട നോഡൽ ഐ.ടി.ഐ. പ്രിൻസിപ്പാൾമാർ പരിശോധിച്ച് മുകളിൽ സൂചിപ്പിച്ചിട്ടുള്ള നിബന്ധനകൾ പ്രകാരമാണോ ട്രെയിനികളെ ശുപാർശ ചെയ്തിട്ടുള്ളതെന്ന് ഉറപ്പാക്കേണ്ടതും എന്തെങ്കിലും വ്യത്യാസം കാണുകയാണെങ്കിൽ ടി ന്യൂനതകൾ ബന്ധപ്പെട്ട പ്രിൻസിപ്പാൾമാരെ കൊണ്ട് പരിഹരിച്ച ശേഷം കൈപ്പറ്റ് രസീത് നൽകി സ്വീകരിക്കേണ്ടതാണ്.
- ഇപ്രകാരം നോഡൽ ഐ.ടി.ഐ. പ്രിൻസിപ്പാൾ സ്വീകരിക്കുന്ന ട്രെയിനികളുടെ വിവരം താഴെ സൂചിപ്പിച്ചിരിക്കുന്ന <u>**ഫോർമാറ്റ് (ബി) പ്രകാരം എക്സൽ ഷീറ്റിൽ തയ്യാറാക്കി deputydirectoroftraining@gmail.com എന്ന ഇ മെയിൽ വിലാസത്തിൽ മെയിൽ അയയ്ക്കേണ്ടതാണ്.**</u> കൂടാതെ പ്രിൻസിപ്പാൾമാർ നൽകിയ ഫോർമാറ്റ് (എ) യും തിരഞ്ഞെടുത്ത ഓരൊ ട്രെയിനികൾക്കും ഓരോ സെമസ്റ്റർ പരീക്ഷകളിലും ലഭിച്ച മാർക്ക് ഷീറ്റിൻെറ പകർപ്പുകളും കൺസോലിഡേറ്റഡ് മാർക്ക് ഷീറ്റുകളും നോഡൽ ഐ.ടി.ഐ. പ്രിൻസിപ്പാളിൻെറ ആമുഖ കത്തും ഉൾപ്പടെ <u>**27/12/2016 ന് മുൻപ്**</u> പരീക്ഷാ വിഭാഗത്തിൽ പ്രത്യേക ദൂതൻ മുഖേന എത്തിക്കേണ്ടതാണ്.
- നോഡൽ ഐ.ടി.ഐ. പ്രിൻസിപ്പാൾമാർ അവരുടെ അധീനതയിൽ വരുന്ന എല്ലാ സ്ഥാപനങ്ങളിൽ നിന്നും വിവരങ്ങൾ ലഭിച്ചിട്ടുണ്ടോയെന്ന് ഉറപ്പാക്കേണ്ടതാണ്. കൂടാതെ നിബന്ധനകൾ പ്രകാരം ഒരു ട്രെയിനിയും യോഗ്യത നേടിയിട്ടില്ലായെങ്കിൽ ടി വിവരവും ബന്ധപ്പെട്ട പ്രിൻസിപ്പാൾമാരിൽ നിന്നും രേഖാമൂലം വാങ്ങി പരീക്ഷാ വിഭാഗത്തിൽ എത്തിക്കുന്നതിന് നോഡൽ ഐ.ടി.ഐ. പ്രിൻസിപ്പാൾമാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.
- ഇപ്രകാരം നോഡൽ ഐ.ടി.ഐ. യിൽ നിന്ന് ലഭിക്കുന്ന ലിസ്റ്റ് പ്രകാരമുള്ള ട്രെയിനികൾ ഡി.ജി.റ്റി. നിഷ്കർഷിച്ചിട്ടുള്ള നിബന്ധനകൾ പ്രകാരമാണോയെന്ന് മാത്രമാണ് ഡയറക്ടറേറ്റ് തലത്തിൽ പരിശോധിക്കുകയുള്ളു. ആയതിനാൽ

ട്രെയിനികളുടെ മാർക്കുകൾ പരിശോധിച്ച് ഏറ്റവും കൂടുതൽ മാർക്ക് നേടിയ ട്രെയിനികളുടെ വിവരം തയ്യാറാക്കുന്നതിന്റെ പൂർണ്ണ ഉത്തരവാദിത്തം ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർക്ക് മാത്രമായിരിക്കും. കൂടാതെ ശുപാർശ ചെയ്ത് അയച്ചുതന്ന ലിസ്റ്റ് പ്രകാരമുള്ള ട്രെയിനികൾ യോഗ്യരല്ലായെന്ന് പരിശോധനയിൽ കണ്ടെത്തുകയാണെങ്കിൽ ടി ട്രെയിനികളെ അറിയിപ്പ് കൂടാതെ തന്നെ സ്കിൽ പരീക്ഷയിൽ പങ്കെടുപ്പിക്കില്ലായെന്ന വിവരം കൂടി അറിയിക്കുന്നു. സ്കിൽ പരീക്ഷയിൽ പങ്കെടുക്കുന്നതിന് തിരഞ്ഞെടുത്ത ട്രെയിനികളുടെ ലിസ്റ്റ് www.detkerala.gov.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്.

ട്രെയിനിംഗ് ഡയറക്ടർക്ക് വേണ്ടി

എല്ലാ ഐ.ടി.ഐ. പ്രിൻസിപ്പാൾമാർക്ക്

എല്ലാ ഇൻസ്പെക്ടർ ഓഫ് ട്രെയിനിംഗുമാർക്ക് (മേൽ നോട്ടം വഹിക്കുന്നതിന്)

## ഫോർമാറ്റ് (എ)

**ജനുവരി 2017 ൽ നടത്തുന്ന സംസ്ഥാന തല സ്കിൽ പരീക്ഷയിൽ പങ്കെടുക്കുന്നതിന് ശുപാർശ ചെയ്യുന്ന ട്രെയിനികളുടെ വിവരം**

ഐ.ടി.ഐ. യുടെ പേര്:

| ക്രമ നമ്പർ | ട്രെയിനിയുടെ പേര് | പിതാവിൻെറ പേര് | ട്രേഡ് | സെമസ്റ്റർ പരീക്ഷകളിൽ വിജയിച്ച റോൾ നമ്പർ/ട്രേഡ് ടെസ്റ്റ് നടന്ന വർഷം/മാസം | | | | ലഭിച്ച ആകെ മാർക്ക് (എംപ്ലോയബിലിറ്റി സ്കിൽ വിഷയം ഒഴിച്ച്, ഡി.ജി.റ്റി. നിഷ്കർഷിച്ച മാനദണ്ഡം അനുസരിച്ച്) |
|---|---|---|---|---|---|---|---|---|
| | | | | ഒന്നാം സെമസ്റ്റർ | രണ്ടാം സെമസ്റ്റർ | മൂന്നാം സെമസ്റ്റർ | നാലാം സെമസ്റ്റർ | |
| | | | | | | | | |
| | | | | | | | | |
| | | | | | | | | |
| | | | | | | | | |
| | | | | | | | | |
| | | | | | | | | |

(ഓഫീസ് മുദ്ര)

പ്രിൻസിപ്പാളിൻെറ ഒപ്പ്

പേര്

ഔദ്യോഗിക മേൽ വിലാസം

**ഫോർമാറ്റ് ((ബി))**

**ജനുവരി 2017 ൽ നടത്തുന്ന സംസ്ഥാന തല സ്കിൽ പരീക്ഷയിൽ പങ്കെടുക്കുന്നതിന് നോഡൽ ഐ.ടി.ഐ. പ്രിൻസിപ്പാൾമാർ തങ്ങളുടെ അധീനതയിൽ വരുന്ന സ്ഥാപനങ്ങളിൽ നിന്ന് ലഭിച്ച ശുപാർശകൾ പരിശോധിച്ച് തയ്യാറാക്കിയ കൺസോലിഡേറ്റഡ് സ്റ്റേറ്റ്മെൻറ്**

| ക്രമ നമ്പർ | ഐ.ടി.ഐ. യുടെ പേര് | ട്രേഡ് | റോൾ നമ്പർ | ട്രെയിനിയുടെ പേര് | പിതാവിൻെറ പേര് | എല്ലാ സെമസ്റ്റർ പരീക്ഷകൾക്കും കൂടിലഭിച്ച ആകെ മാർക്ക് (എംപ്ലോയബിലിറ്റി സ്കിൽ വിഷയം ഒഴിച്ച്, ഡി.ജി.റ്റി. നിഷ്കർഷിച്ച മാനദണ്ഡം അനുസരിച്ച്) |
|---|---|---|---|---|---|---|
| | | | | | | |
| | | | | | | |
| | | | | | | |
| | | | | | | |
| | | | | | | |
| | | | | | | |
| | | | | | | |

(ഓഫീസ് മുദ്ര) നോഡൽ ഐ.ടി.ഐ. പ്രിൻസിപ്പാളിൻെറ ഒപ്പ്

പേര്

ഔദ്യോഗിക മേൽ വിലാസം

(ടി ഫോർമാറ്റ് എക്സൽ ഫോർമാറ്റിൽ തയ്യാറാക്കി deputydirectoroftraining@gmail.com ഇ മെയിൽ വിലാസത്തിൽ അയച്ചുതരേണ്ടതാണ്.)

**സാക്ഷ്യ പത്രം**

ഡി.ജി.റ്റി. നിഷ്കർഷിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം പരിശോധിച്ച് ഉറപ്പാക്കി മുകളിൽ സൂചിപ്പിച്ചിട്ടുള്ള ട്രെയിനികളെ 2017 ജനുവരി മാസത്തിൽ നടത്തുന്ന സംസ്ഥാന തല സ്കിൽ പരീക്ഷയിൽ പങ്കെടുപ്പിക്കുന്നതിന് ശുപാർശ ചെയ്യുന്നു.

(ഓഫീസ് മുദ്ര) നോഡൽ ഐ.ടി.ഐ. പ്രിൻസിപ്പാളിൻെറ ഒപ്പ്

പേര്

ഔദ്യോഗിക മേൽ വിലാസം